# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വലിയപറമ്പ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി -10/746/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 08/11/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വലിയപറമ്പ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി -10/746/2023 തീയ്യതി: 08/11/2023

## കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. രേഖ ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-09-2023 | 20-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-09-2023 | 20-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ
ശ്രീ.തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.സുധീഷ്.എൻ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.വി.സജീവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.വിനോദ്കുമാർ.എം.പി | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീ.രാജേഷ്.പി.പി | സെക്രട്ടറി | 08-10-2022 | 20-10-2022 |
| ശ്രീ.വിനോദ്കുമാർ.എം.പി | സെക്രട്ടറി | 21-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വാഹിദ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 23-09-2022 |
| ശ്രീമതി.പ്രസീത.കെ.കെ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 24-09-2022 | 31-03-2023 |
| ശ്രീ.ശിവകുമാർ.വി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രേവതി.പി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.മുസ്തഫ.എം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വലിയപറമ്പ സർക്കിൾ) | 01-04-2022 | 09-08-2022 |
| ശ്രീമതി.സുനന്ദ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വലിയപറമ്പ സർക്കിൾ) | 10-08-2022 | 31-03-2023 |
| ശ്രീമതി.ഷീന.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാവിലാകടപ്പുറം സർക്കിൾ) | 01-04-2022 | 09-08-2022 |
| ശ്രീ.സുകേഷ്.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മാവിലാകടപ്പുറം സർക്കിൾ) | 10-08-2022 | 31-03-2023 |
| ശ്രീ.ഷംസുദ്ദീൻ.എ.ജി | പ്രധാനാധ്യാപകൻ | 01-04-2022 | 31-03-2023 |
| ഡോ.സംഗീത മോഹൻ.വി | വെറ്റിനറി സർജൻ | 01-04-2022 | 29-03-2023 |
| ഡോ.സാബു.എം.യു | വെറ്റിനറി സർജൻ | 30-03-2023 | 31-03-2023 |
| ഡോ.ധന്യ ദയാനന്ദൻ | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | (അലോപ്പതി) | | |
| ഡോ.രാജീവൻ.വി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.നാദിറ.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ശ്രീമതി.രമ്യ.കെ | ഡയറി ഫാം ഇൻസ്‌പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.രഞ്ജിനി.കെ.ഡി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2022 | 04-08-2022 |
| ശ്രീ.ജിജോ മോൻ.വി.സി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 05-08-2022 | 05-11-2022 |
| ശ്രീ.വേണുഗോപാലൻ.പി | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 06-11-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | പ്രയർ പിരീഡ് ഇനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ബാലൻസ് ഷീറ്റ് ബാധ്യത- വരവ് തുകകളിൽ വ്യക്തതയില്ല. | 1-1-2 |
| 4 | എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-4 |
| 6 | ഗ്രാന്റിനത്തിൽ വന്ന തിരികെലഭിച്ച തുക അടവാക്കിയിട്ടില്ല | 1-1-5 |
| 7 | സാക്ഷരതാ ഫണ്ട്-ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല. | 1-10 |
| 17 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 18 | വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-12 |
| 19 | കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത | 1-13 |
| 20 | ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ പദ്ധതി - ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തതിൽ അപാകത- തുക തടസ്സപ്പെടുത്തുന്നു. | 1-14 |
| 21 | ഖരമാലിന്യം നീക്കം ചെയ്യാൻ വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കുന്നില്ല. | 1-15 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| --- No Records Found --- | | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.6.2023 ലെ കമ്മിറ്റി തീരുമാനം 1/2023 പ്രകാരം തയ്യാറാക്കി 24.06.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വലിയപറമ്പ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
08.11.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

### 1-1-1 പ്രയർ പിരീഡ് ഇനങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-2 ബാലൻസ് ഷീറ്റ് ബാധ്യത- വരവ് തുകകളിൽ വ്യക്തതയില്ല.

പഞ്ചായത്തിൽ നിന്ന് ലഭ്യമായ രേഖകൾ പരിശോധിച്ചപ്പോൾ മുൻ വർഷങ്ങളിൽ വിവിധ ഇനങ്ങളിലായി ലഭിച്ച 3,20,576 രൂപയുടെ വിവരം കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല, വിശദ വിവരം താഴെ കൊടുക്കുന്നു,

A).31.03.2023-ലെ ബാലൻസ് ഷീറ്റിൽ 320100999-Other Liabilities എന്ന ഹെഡിൽ 38,945രൂപ, 350800199-Other Creditors എന്ന ഹെഡിൽ 13,247 രൂപയുടെയും ബാദ്ധ്യത കാണിച്ചിട്ടുണ്ട്. ഈ തുകകൾ തനതു ഫണ്ട് അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ വരവു വന്ന തുകയാണ്. ഈ തുക ഏത് ആവശ്യത്തിനാണ് ലഭിച്ചതെന്ന് വ്യക്തമല്ല.

B).31.03.2023 ലെ ബാലൻസ് ഷീറ്റിൽ 320800199- Other Grants, Funds &Contributions For Specific Purposes- Capital എന്ന ഹെഡിൽ 1,00,000 രൂപ ബാദ്ധ്യതയുണ്ട്. ഈ നീക്കിയിരിപ്പ് തുകയിൽ 24.06.2015 ന് 41500031 നമ്പർ വൗച്ചർ മുഖേന അക്കൗണ്ടിൽ വരവു വന്ന തുകയാണ്. ഈ തുക ഏത് ആവശ്യത്തിനാണ് ലഭിച്ചതെന്ന് വ്യക്തമല്ല.

C).31.03.2023-ലെ ബാലൻസ് ഷീറ്റിൽ 320700104-Contributions For Other Specific Purposes(for Capital Expenditure) From Block Panchayat എന്ന ഹെഡിൽ 1,68,384 രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ ഈ തുക 01.04.2012 മുതൽ ക്യാരി ഓവർ ചെയ്തു വരുന്ന തുകയാണ്. തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള ബാദ്ധ്യത തന്നെയാണോ എന്ന് വ്യക്തമല്ല. മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പരിഹരിച്ചിട്ടില്ല.

### 1-1-3 എ.സി.ആർ - വാർഷിക ധനകാര്യ പത്രിക പൊരുത്തപ്പെടുന്നില്ല

2022-23 വർഷത്തെ എ.സി.ആർ പ്രകാരവും വാർഷിക ധനകാര്യപത്രിക പ്രകാരവുമുള്ള തുകയിൽ ചുവടെ പറയുന്ന വ്യത്യാസമുണ്ട്.

| ഇനം | എ.സി.ആർ പ്രകാരം ചെലവ് | വാർഷികധനകാര്യ പത്രിക പ്രകാരം ചെലവ്. (സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക കൂടാതെ) | വ്യത്യാസം |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 1,93,45,417 | 1,78,86,296 | 14,59,121 |
| MG-റോഡ് | 25,37,000 | 23,31,593 | 2,05,407 |

### 1-1-4 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26,07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-5 ഗ്രാന്റിനത്തിൽ വന്ന തിരികെലഭിച്ച തുക അടവാക്കിയിട്ടില്ല

ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം Refund Payable- Grants And Funds (ഹെഡ് കോഡ്-350400501) ഇനത്തിൽ 36,605/-രൂപ തിരിച്ചടക്കാനുള്ളതായി കാണിച്ചിട്ടുണ്ട്. വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ച തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-6 സാക്ഷരതാ ഫണ്ട്-ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

ഷെഡ്യൂൾ B4- 320100197- സാക്ഷരതാ ഫണ്ട് എന്ന കണക്കിൽ 993 രൂപ നീക്കിയിരിപ്പ് ബാദ്ധ്യതയുണ്ട്. എന്നാൽ സാക്ഷരതാ ഫണ്ടിന്റെ 450210102-എന്ന ബാങ്ക് അക്കൗണ്ടിൽ 31.03.2023 ൽ 1,493 രൂപ നീക്കിയിരിപ്പുണ്ട്. 500 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 38/2022<br>തീയതി.26.03.2022 | 02/2023<br>തീയതി 25.03.2023 |
| മുന്നിരിപ്പ് | 6,88,489 | (-)7,45,774 |
| വരവ് | 14,25,93,000 | 15,13,28,886 |
| ആകെ | 14,32,81,489 | 15,05,83,112 |
| ചെലവ് | 14,25,13,288 | 14,99,93,358 |
| നീക്കിയിരിപ്പ് | 7,68,201 | 5,89,754 |

### 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെൻറ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 48,99,066 |
| വരവ് | 2,29,80,437 |
| ആകെ | 2,78,79,503 |
| ചെലവ് | 2,33,59,775 |
| നീക്കിയിരിപ്പ് | 45,19,728 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹25,64,140 |

(കുറിപ്പ് : വിവിധ ഗ്രാന്റുകൾ, സംയുക്ത പദ്ധതി ഫണ്ട്, തൊഴിലുറപ്പ് പദ്ധതി വേതനം തുടങ്ങിയ ഇനങ്ങളുടെ വരവ് ചെലവ് വിവരങ്ങൾ രസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല).

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷവരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്പൊതുവിഭാഗം | 0 | 2,08,92,000 | 2,08,92,000 | 1,94,32,879 | 14,59,121 |
| വികസനഫണ്ട് എസ്.സി.പി | 0 | 17,90,000 | 17,90,000 | 17,90,000 | 0 |
| MG- റോഡ് | 0 | 25,37,000 | 25,37,000 | 23,31,593 | 2,05,407 |
| MG – നോൺ റോഡ് | 0 | 45,63,000 | 45,63,000 | 45,63,000 | 0 |
| ധനകാര്യ കമ്മീഷൻ ബേസിക്ക് ഗ്രാൻറ് | BANK -33,270 | 23,82,643 | 24,15,913 | 23,02,000 | 1,13,913 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ | TRY - 0 | 6,51,874 | 6,51,874 | 6,34,171 | 17,703 |
| ഗ്രാൻറ് (Tied) | BANK-12,72,033 | 34,53,000 | 47,25,033 | 34,70,703 | 12,54,330 |
| ബിഫണ്ട് | | | | | |
| തൊഴിൽ രഹിത വേതനം | 0 | 720 | 720 | 720 | 0 |
| വിവാഹ ധനസഹായം | 0 | 90,000 | 90,000 | 90,000 | 0 |
| ടി.എസ്.ബി.ജനറൽ പർപ്പസ് അക്കൗണ്ട് | 10,27,000 | 72,17,716 | 82,17,716 | 82,17,716 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 1,69,781 | 12,19,043 | 13,88,824 | 12,20,440 | 1,68,384 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത്) | 1,00,000 | 3,99,828 | 4,99,828 | 4,99,828 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| തൊഴിലുറപ്പ് പദ്ധതി | 0 | 23,09,917 | 23,09,917 | 20,69,529 | 2,40,388 |
| ICDS കേന്ദ്രവിഹിതം | 6,53,897 | 7,06,926 | 13,60,823 | 7,42,969 | 6,17,854 |
| NPRPD | 3,60,000 | 0 | 3,60,000 | 60,000 | 3,00,000 |
| സംസ്ഥാനാവിഷ്കൃതപദ്ധതി | | | | | |
| സാക്ഷരത | 1,436 | 57 | 1,493 | 0 | 1,493 |
| ശുചിത്വ മിഷൻ | 18,90,898 | 84,000 | 19,74,898 | 1,19,510 | 18,55,388 |
| വിമുക്തി | 764 | 0 | 764 | 0 | 764 |
| കേരളോത്സവം | 14 | 0 | 14 | 0 | 14 |
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 1,00,000 | 9,80,000 | 10,80,000 | 3,80,000 | 7,00,000 |
| ദുരിതാശ്വാസനിധി | 2,338 | 14,874 | 17,212 | 5,000 | 12,212 |
| നെല്ലുൽപാദക ബോണസ് | 0 | 20,000 | 20,000 | 20,000 | 0 |
| നിർമ്മൽ പുരസ്കാരം | 20,163 | 801 | 20,964 | 0 | 20,964 |
| എസ് എസ് എ | 35,859 | 1,032 | 36,891 | 0 | 36,891 |
| ഹെൽത്ത് ഗ്രാൻറ് 1 | 0 | 86,203 | 86,203 | 85,000 | 1,203 |
| ഹെൽത്ത് ഗ്രാൻറ് 2 | 0 | 2,10,934 | 2,10,934 | 2,08,161 | 2,773 |
| എൻ ആർ എച്ച് എം | 0 | 4,50,000 | 4,50,000 | 4,46,733 | 3,267 |
| RGPSA | 30,850 | 19,76,744 | 20,07,594 | 19,76,744 | 30,850 |
| ബഡ്സ് സ്കൂൾ | 3,96,394 | 0 | 3,96,394 | 0 | 3,96,394 |
| ആരോഗ്യ കേരള പുരസ്കാരം | 2,00,000 | 0 | 2,00,000 | 1,00,000 | 1,00,000 |

കുറിപ്പ് :

1) വികസന ഫണ്ട് (ജനറൽ) -ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 8,63,183 രൂപ, അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ 6,83,400 രൂപ,വികസന ഫണ്ട് (എസ്.സി.പി)- ലൈഫ് മിഷൻ വായ്പ തിരിച്ചടവ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 3,08,328 രൂപ എന്നിവ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം 68,31,520/-രൂപ വരവുണ്ട്.

3) തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ വേതനം, സാധനസാമഗ്രികളുടെ വില എന്നീയിനങ്ങളിൽ 2022-23 വർഷം 5,14,79,837/- രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

4) വിവിധ ക്ഷേമ പെൻഷൻ ഇനങ്ങളിലായി 2022-23 വർഷം 2,19,92,000/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ(DBT) ചെയ്തിട്ടുണ്ട്. (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, I-6).

5) ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ബജറ്റ് അലോട്ട്മെന്റിൽ 23.06.22 ലെ സ.ഉ (സാധാ) നം. 4585/2022/ധന നമ്പർ ഉത്തരവ് പ്രകാരം മുൻവർഷം ലാപ്സായ 6,51,874 രൂപ അധിക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

6) പ്രോജക്റ്റ് നം 77/23, 138/23, 140/23, 145/23, 148/23, 168/23, 173/23, 177/23, 181/23,(വികസനഫണ്ട് -പൊതുവിഭാഗം), പ്രോജക്റ്റ് നം 84/23 (MG-റോഡ് ഫണ്ട്)-കൾക്ക് തൻവർഷം ചെലവില്ലാത്തതിനാൽ വികസനഫണ്ട് (പൊതുവിഭാഗം), MG-റോഡ് ഫണ്ട് ചെലവ് തുകകൾ എസി ആറിലും ഗ്രാന്റ് സ്റ്റേമെന്റിലും ചെലവു പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

7) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 158 | 61291669 | 139 | 41945572 | - | 19 | 87.97 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 31 | 8493581 | 28 | 7967840 | 93.81 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 50 | 15782762 | 36 | 10911291 | 69.13 |
| 3 | കൃഷി ഓഫീസർ | 11 | 3729921 | 11 | 3727921 | 99.95 |
| 4 | വെറ്റിനറി സർജ്ജൻ | 7 | 1204400 | 7 | 1175436 | 97.6 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 20 | 20400971 | 18 | 6908574 | 33.86 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 3308150 | 6 | 3207914 | 97.97 |
| 7 | പ്രധാനാധ്യാപകൻ | 13 | 1809806 | 13 | 1504126 | 83.11 |
| 8 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 3 | 1141850 | 3 | 1141848 | 99.99 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 12 | 3855444 | 12 | 3836354 | 99.5 |
| 10 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 135056 | 2 | 134540 | 99.62 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 250000 | 1 | 250000 | 100 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 1179728 | 2 | 1179728 | 100 |
| | ആകെ | 158 | 61291669 | 139 | 41945572 | 68.44 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 0 | 2309917 | 2309917 | 2069529 | 240388 |
| വേതനം, മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 51829904 | 51829904 | 51829904 | 0 |
| ആകെ | 0 | 54139821 | 54139821 | 53899433 | 240388 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2022-23 വർഷം 1887 പദ്ധതികളുൾപ്പെടുന്ന 173812845 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 316 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 113121 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. 100 ദിനം തൊഴിൽ ലഭിച്ച 240 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 720 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 3898600 | 352 |
| വിധവാപെൻഷൻ | 8330000 | 751 |
| വാർദ്ധക്യകാലപെൻഷൻ | 7017800 | 739 |
| വികലാംഗപെൻഷൻ | 2428800 | 232 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 316800 | 31 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2023 തീയ്യതിയിൽ 3 P.M. ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ

സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,120/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

26.06.2018-ലെ ഉത്തരവ് നം. 8/2018 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. പിന്നീട് നിരവധി ഉപ ഉത്തരവുകൾ പ്രകാരം ഓഫീസ് ഉത്തരവിൽ കൂട്ടിച്ചേർക്കലുകളുണ്ടായിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം, അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർശങ്ങളൊന്നും ഇല്ല. 5 വർഷത്തിനു മുൻപെ തയ്യാറാക്കിയ ഓഫീസ് ഉത്തരവ് ആധാരമാക്കിയാണ് നിലവിലും വിവിധ സെക്ഷനുകളുടെ പ്രവർത്തനം നടക്കുന്നത്. ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനത്തിൽ ഐ.എൽ.ജി.എം.എസ് സംവിധാനം നിലവിൽ വന്നതോടെ പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ആയതിനാൽ ഓഫീസ് ഉത്തരവ് കാലാനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 34 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 21 പ്രാവശ്യവും വികസന സ്റ്റാന്റിംഗ് കമ്മിറ്റി 19 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 19 പ്രാവശ്യവും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി 17 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10-ാം തീയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരെ കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2022-2023 സാമ്പത്തിക വർഷം 16 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്.

### കൺട്രോൾ ഓവർ അക്കൗണ്ട്

അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിംഗ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിംഗ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോഗസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. റസീറ്റ് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിംഗ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടുള്ളത്. ഓരോ അക്കൗണ്ടിംഗ് രേഖകളിലേക്കുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്.

അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം

പഞ്ചായത്തിൽ നിലനിർത്തിപ്പോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

നികുതി -നികുതിയേതര വരവുകളിന്മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്

ഗ്രമപഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി 2022-2023 വർഷത്തിൽ ആകെ 10 തവണ യോഗം ചേർന്നിട്ടുണ്ട്.

സാധനസാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധനസാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

കൺട്രോൾ ഓവർ പേറോൾ

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പിന്മേലുള്ള നിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല.

ആസ്തികളിന്മേലുള്ള നിയന്ത്രണം

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതാണ്.

1-10 ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടക്കുന്നില്ല.

ഇ ടെണ്ടർ മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോമിന്റെ വില സ്വീകരിക്കുന്നതിനായി നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ, തൃക്കരിപ്പൂർ ശാഖയിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നം 37133987897) ആരംഭിച്ചിട്ടുണ്ട്. ഇ

ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ 25.08.2023 വരെ ലഭിച്ച 73,183/-രൂപ ഈ അക്കൗണ്ടിലുണ്ട്. ടെണ്ടർ ഫോമിന്റെ വിലയായി അക്കൗണ്ടിൽ വരവുവന്ന തുക ഗ്രാമ പഞ്ചായത്തിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടത്തുമ്പോൾ ലഭിക്കുന്ന ടെണ്ടർ ഫോമിന്റെ വില യഥാസമയം ഗ്രാമ പഞ്ചായത്തിലേക്കും ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്കും അടയ്ക്കേണ്ടതാണ്.

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളായ ഗ്രാമപഞ്ചായത്തുകൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും അവയിൽ നിക്ഷിപ്തമായ ചുമതലകൾ യഥാവിധി നിറവേറ്റുന്നതിനും പണം ആവശ്യമാണ്. കേന്ദ്ര-സംസ്ഥന സർക്കാറുകളിൽ നിന്ന് ലഭിക്കുന്ന വിഹിതങ്ങളും ധന സഹായങ്ങളും, നികുതി-നികുതിയേതര തനതു സ്രോതസ്സുകളുമാണ് ഗ്രാമപഞ്ചായത്തുകളുടെ വരുമാന മാർഗ്ഗങ്ങൾ. സംസ്ഥാന നിയമ നിർമ്മാണ സഭകൾ നിയമം വഴി നിർദ്ദേശിക്കുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളും ചുമത്തുന്നതിനും, വസൂലാക്കുന്നതിനും, വിനിയോഗിക്കുന്നതിനും ഭരണഘടനയുടെ ആർട്ടിക്കിൾ 243 (എച്ച്) പ്രകാരം പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. അതു പ്രകാരം വസൂലാക്കപ്പെടുന്ന നികുതികളും തീരുവകളും ചുങ്കങ്ങളും ഫീസുകളുമാണ് ഗ്രാമ പഞ്ചായത്തുകളുടെ പ്രധാന തനതു വരുമാന സ്രോതസ്സുകൾ. മേൽപറഞ്ഞവയിൽ വസ്തുനികുതി മുഖേനയാണ് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റവുമധികം തനതു വരുമാനം ലഭിച്ചുവരുന്നത്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 200 പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ഒരു വസ്തു നികുതി ചുമത്താവുന്നതും, ശുചിത്വ പരിപാലനം, ജലവിതരണം, മാലിന്യനിർമ്മാർജ്ജനം, തെരുവ് വിളക്കുകൾ, ഡ്രെയിനേജ് എന്നീ സേവനങ്ങൾ ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതുമാണ്. മേൽ നിയമത്തിലെ 203ാം വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, വസ്തുനികുതി സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവയ്ക്ക് വിധേയമായാണ് ഗ്രാമപഞ്ചായത്തുകൾ വസ്തുനികുതി ചുമത്തി വസൂലാക്കേണ്ടത്. 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വലിയപറമ്പ ഗ്രാമപഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കയുണ്ടായി.

വസ്തുനികുതി.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിന്റെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ ഉൾപ്പെടെ 100% മാണ് വസ്തു നികുതി വരവ്. വസ്തുനികുതി വരവാണ് ഗ്രാമപഞ്ചായത്തിന്റെ മുഖ്യ തനതു വരുമാനമാർഗ്ഗം. തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്താണ്. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കാർഷിക മേഖലയിലധിഷ്ഠിതമായതിനാൽ പ്രധാന തനതു വരുമാനമായ വസ്തുനികുതി താരതമ്യേന കുറവാണ്. തനതു വരുമാനം വളരെ കുറവായതിനാൽ ഭരണപരമായ ചെലവുകൾക്കും സർക്കാർ സഹായം നൽകേണ്ടിവരുന്നു.

ഇ പേയ്മെന്റ്

സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന വസ്തുനികുതി നേരിട്ട് അടയ്ക്കുന്നതിനുള്ള സംവിധാനം നിലവിൽ കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തിലെ കെട്ടിട്ടങ്ങളുടെ നികുതിയും ഇത്തരത്തിൽ ഓൺലൈനായി സ്വീകരിച്ച് വരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ SBI ബാങ്കിലെ 37039514384 നമ്പർ ഇ-പേയ്മെന്റ് അക്കൗണ്ടിലേക്കാണ് ഇത്തരത്തിൽ അടവാക്കുന്ന തുക ലഭിക്കുന്നത്. തുക ഓൺലൈനായി അടവാക്കുമ്പോൾ തന്നെ സഞ്ചയയിൽ അതു സംബന്ധിച്ച

രേഖപ്പെടുത്തലുകൾ വരുന്നുണ്ടെങ്കിലും അടവാക്കിയ തുക ശരാശരി രണ്ട് മുതൽ മൂന്ന് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ ഇ-പേയ്മെന്റ് അക്കൗണ്ടിലേക്ക് ലഭിക്കുന്നത്. ഓൺലൈൻ മുഖേന അടവാക്കപ്പെടുന്ന തുക ആദ്യം ഇൻഫർമേഷൻ കേരള മിഷന്റെ തിരുവനന്തപുരത്തുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പോവുകയും അവിടെ നിന്ന് ഐ.കെ.എം അതത് തദ്ദേശസ്ഥാപനങ്ങളിലേക്ക് തുക കൈമാറുന്നതിന് അനുസരിച്ച് മാത്രം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ലഭിക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയർ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കപ്പെട്ടില്ലാത്തതിനാൽ ഓൺലൈനായി അടവാക്കപ്പെടുന്ന തുക സംബന്ധിച്ച് ഐ.കെ.എം നൽകുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി വീണ്ടും റസീപ്റ്റ് എൻട്രി നടത്തിയാൽ മാത്രമേ തുക ഐ.ൽ.ജി.എം.എസിൽ വരവായി രേഖപ്പെടുത്തപ്പെടുന്നുള്ളൂ.

നികുതി പരിഷ്കരണം

22.03.2023ലെ സ.ഉ(സാധാ)77/2023/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം വസ്തുനികുതി നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 05.07.2023-ലെ 7/2023 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ SC2/2152/2023 നമ്പറായി അന്തിമ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തെ പ്രഥമ, ദ്വിതീയ, തൃതീയ മേഖലകളായി തരം തിരിച്ചുകൊണ്ടുള്ള അന്തിമ വിജ്ഞാപനവും ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്. 2022-23 വർഷം വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളും വാർഷിക വസ്തു നികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും തൊട്ടു മുൻവർഷത്തിൽ പ്രാബല്യത്തിലിരുന്ന നികുതിയുടെ 5 ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പരിഷ്കരിക്കേണ്ടതാണെന്ന് മേൽ ഉത്തരവിലെ ഖണ്ഡിക (1)ൽ നിർദ്ദേശിച്ചിട്ടുണ്ട്. അതു പ്രകാരം സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റം വരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളുടെ 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഡിമാന്റ് നോട്ടീസ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്ന 9എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകേണ്ടതാണെന്ന മേൽ ഉത്തരവിലെ ഖണ്ഡിക 5ലെ നിർദ്ദേശം ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല.

ഫീൽഡ്തല പരിശോധനകൾ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം കെട്ടിടങ്ങളിൽ നടന്നിരിക്കാൻ സാധ്യതയുള്ള കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമ മാറ്റം തുടങ്ങിയവയൊക്കെ കണ്ടെത്തി ആയതിനനുസരിച്ച് നികുതി പുനർനിർണ്ണയം നടത്തുന്നതിനും, അനധികൃതമായി നിർമ്മിക്കപ്പെട്ടതും നികുതി നിർണ്ണയിക്കപ്പെടാത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി അവയെല്ലാം വസ്തുനികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടില്ല.

സേവന ഉപനികുതി

വലിയപറമ്പ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റീകൺസിലിയേഷൻ നടത്തേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിലുള്ള മുഴവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്

തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ ഏതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I) വകുപ്പ് പ്രകാരം, ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം, പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധ വാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996 ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

4. കള്ള് ഷാപ്പുകൾ, ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ, മാവേലി സ്റ്റോർ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

മറ്റിനങ്ങൾ

ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇത്തരം മുഴവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇ-പേയ്മെന്റ് തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ലഭിക്കുന്നതിനുള്ള കാലതാമസം ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് പരിഹരിക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ,

റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

3. 01.04.2023 ന് ശേഷം നികുതി നിർണ്ണയിച്ച് നൽകിയ കെട്ടിടങ്ങളുടെയെല്ലാം നികുതി പുതുക്കിയ നിരക്കിലും, പുതുക്കിയ ഇളവ്-വർദ്ധനവ് മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയും പുനർ നിർണ്ണയിക്കേണ്ടതാണ്.

4. നികുതി ചുമത്തപ്പെട്ടശേഷം കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾ, പരിവർത്തനങ്ങൾ, ഉപയോഗക്രമം മാറ്റൽ എന്നിവ നടന്നിട്ടുണ്ടോ എന്നും, പഞ്ചായത്തിന്റെ അനുമതിയില്ലാതെ കെട്ടിടം പണിത് നികുതി അടയ്ക്കാതെ ഒഴിവായി കിടക്കുന്നുണ്ടോ എന്നും കൃത്യമായി ഫീൽഡ് പരിശോധന നടത്തിയും, പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തിയും ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളെയും നികുതി പരിധിയിൽ കൊണ്ടുവരുന്നതിനുമുള്ള നിലവിലെ പരിശ്രമങ്ങൾ ഉർജ്ജിതപ്പെടുത്തേണ്ടതും, നിലവിലുള്ള വസ്തുനികുതി ഡിമാന്റിന്റെ നൂറ് ശതമാനം പിരിവ് ഉറപ്പ് വരുത്തുന്നതോടൊപ്പം തന്നെ നിലവിലുള്ള കെട്ടിടങ്ങളിൽ നൂറ് ശതമാനവും ഡിമാന്റിൽ ഉൾപ്പെടുന്നുണ്ട് എന്ന് കാലാകാലങ്ങളിൽ ഉറപ്പ് വരുത്തേണ്ടതുമാണ്.

5. വസ്തുനികുതി പിരിവ് കുറ്റമറ്റതാക്കുന്നതോടൊപ്പം തന്നെ വാണിജ്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ട്രേഡ് ലൈസൻസ് എടുക്കുന്നുണ്ട് എന്നും, തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ട് എന്നും ഉറപ്പ് വരുത്തേണ്ടതാണ്.

മേൽ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-12 വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊ.നം 5/23 പ്രകാരം ഗ്രാമ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് ധനകാര്യ കമ്മീഷൻ വിഹിതത്തിൽ നിന്നും 5,99,287/- രൂപ കെ.എസ്.ഇ.ബി തൃക്കരിപ്പൂർ സെക്ഷനും, 9,38,469/- രൂപ കെ.എസ്.ഇ.ബി പടന്ന സെക്ഷനും നൽകിയിട്ടുണ്ട്. (വൗച്ചർ നം XVFC/22-23/P/23 തിയതി. 16.2.2023) കെ.എസ്.ഇ.ബി അധികൃതരിൽ നിന്നുമുള്ള വിനിയോഗ സാക്ഷ്യപത്രം, പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതുവരെ പദ്ധതി ചെലവ് 15,37,756/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 5/18.9.23)

## 1-13 കേരള വാട്ടർ അതോറിറ്റിക്ക് കുടിവെള്ള ചാർജ്ജ് -ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും അനുവദിച്ചത് -അപാകത

1) വലിയ പറമ്പ ഗ്രാമ പഞ്ചായത്തിലെ പൊതു ടാപ്പുകളുടെ 2022-23 വർഷത്തെ കുടിവെള്ള ചാർജ്ജ് ഇനത്തിൽ പ്രൊജക്ട് നം.1/22 പ്രകാരം 2022-23 വർഷം 927982/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും (ടൈഡ് ഫണ്ട്) ചെലവഴിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ധന വിനിയോഗ മാർഗ്ഗരേഖ സ.ഉ (കൈ).നം103/2020 തസ്വഭവ തി.30.6.2020 ഖ. 5.3 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ (A)ശുചിത്വം, ഖരമാലിന്യ സംസ്കരണം, ODFപദ്ധതികൾ നിലനിർത്തലും പുതിയവയും (B) കുടിവെള്ള പ്രൊജക്ടുകൾ, മഴവെള്ള കൊയ്ത്ത്, ജലസംരക്ഷണം, ജലസ്രോതസ്സുകളുടെ പരിപോഷണം എന്നീ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. കാസറഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിന്റെ അഭ്യർത്ഥനയെ തുടർന്ന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) വിനിയോഗിക്കുന്നത് സംബന്ധിച്ച് ചില ഇളവുകൾ ഉൾപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് (സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022)

ഇതനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകേണ്ട നിലവിലെ കുടിവെള്ള കുടിശ്ശിക ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് നം.1/22 പ്രകാരം 2022-23 വർഷം ചെലവഴിച്ച 927982/- രൂപ തൻ വർഷത്തെ

കുടിവെള്ള ചാർജ്ജ് ഒടുക്കുന്നതിനാണ് വിനിയോഗിച്ചത് . തൻ വർഷം ഒടുക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ.നം | ബന്ധപ്പെട്ട മാസം | വൗച്ചർ നം. തിയതി | തുക |
|---|---|---|---|
| 1 | ഏപ്രിൽ, മെയ് 2022 | 22200147/07.06.2022 | 123478/- |
| 2 | ജൂൺ 2022 | 22200173/30.06.2022 | 61739/- |
| 3 | ജൂലൈ , ഓഗസ്റ്റ് 2022 | 22200343/16.09.2022 | 123478/- |
| 4 | സെപ്റ്റംബർ 2022 | 22200366/29.09.2022 | 61739/- |
| 5 | ഒക്ടോബർ 2022 | 22200427/31.10.2022 | 61739/- |
| 6 | നവംബർ 2022 | 22200499/01.12.2022 | 61739/- |
| 7 | ഡിസംബർ 2022 | 22200555/28.12.2022 | 61739/- |
| 8 | ജനുവരി 2023 | 22200629/31.01.2023 | 61739/- |
| 9 | ഫെബ്രുവരി 2023 | 22200682/20.02.2023<br>22200745/16.03.2023<br>2220049/17.03.2023 | 92610/-<br>39302/-<br>23384/- |
| 10 | മാർച്ച് 2023 | 22200759/24.03.2023 | 155296/- |
| | | ആകെ | 927982/- |

സ.ഉ.(സാധ) നം.538/22/LSGD തി.07.03.2022 ഉത്തരവിലെ നിർദ്ദേശം പ്രകാരം നിലവിലെ കുടിശ്ശിക തുക ഒടുക്കാൻ അനുമതിയുണ്ടെങ്കിലും പകരം തൻവർഷത്തെ കുടിവെള്ള ചാർജ്ജ് ഒടുക്കാമെന്നത് സംബന്ധിച്ച് ഈ ഉത്തരവിൽ പരാമർശിക്കുന്നില്ല. കൂടാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖയിലും ഇത്തരത്തിൽ തുക വിനിയോഗിക്കാമെന്ന് പരാമർശിച്ചിട്ടില്ല. സർക്കാർ മാർഗ്ഗ രേഖ പാലിക്കാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ചതിനാൽ ചെലവ് തുക 927982/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) കുടിവെള്ളക്കരം ഒടുക്കിയതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, വിവിധ മാസങ്ങളിലായി കേരള വാട്ടർ അതോറിറ്റി പിഴയിനത്തിൽ 20,842 രൂപ ഓഡിറ്റ് വർഷം ചുമത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് ഒട്ടുമിക്കമാസങ്ങളിലും കൃത്യമായി വെള്ളക്കരം ഒടുക്കിയിട്ടുണ്ടെങ്കിലും ഒടുക്കിയ തുക ജല അതോറിറ്റി അധികൃതർ യഥാസമയം വരവിലെടുക്കാത്തതുമൂലമാണ് പിഴ ചുമത്താൻ കാരണമായിട്ടുള്ളത്. ഇക്കാര്യം ജല അതോറിറ്റി അധികൃതരെ രേഖാമൂലം ധരിപ്പിച്ച് ചുമത്തിയ പിഴ സംഖ്യ ഒഴിവാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

നിലവിൽ 128 പൊതു ടാപ്പുകൾക്കായി 1,55,296/- രൂപ വീതമാണ് ഗ്രാമ പഞ്ചായത്ത് പ്രതിമാസം വെള്ളക്കരം ഒടുക്കുന്നത്. പ്രതിമാസ വാട്ടർചാർജ്ജിനത്തിൽ ഈ വർഷം മുതൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ടാപ്പുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി സംയുക്ത പരിശോധന നടത്തിയിട്ടുള്ളതായി അധികൃതർ വിശദമാക്കിയിട്ടുണ്ടെങ്കിലും പരിശോധന റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. വെള്ളക്കരം ഒടുക്കുന്ന ടാപ്പുകൾ എല്ലാം പ്രവർത്തനക്ഷമമാണോ എന്നത് സംബന്ധിച്ച് കൃത്യത ഉറപ്പുവരുത്തുന്നതിനായി കൃത്യമായ ഇടവേളകളിൽ സംയുക്ത പരിശോധന നടത്തി പ്രവർത്തന രഹിതമായ കണക്ഷനുകൾ ഉണ്ടെങ്കിൽ കേരള വാട്ടർ അതോറിറ്റി അധികൃതരുമായി ബന്ധപ്പെട്ട് അവ ഒഴിവാക്കുവാനും, ആയതുപ്രകാരം പ്രതിമാസ കുടിവെള്ള ചാർജ്ജ് ക്രമീകരിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ക്ഷയരോഗികൾക്ക് പോഷകാഹാരം നൽകൽ പദ്ധതി - ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തതിൽ അപാകത- തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 103/2023 |
| പ്രൊജക്ടിന്റെ പേര് | ക്ഷയ രോഗികൾക്ക് പോഷകാഹാരം നൽകൽ |
| വകയിരുത്തൽ | വികസന ഫണ്ട്(സാധാ) 98,425/- |

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യകേന്ദ്രം |
| ട്രഷറി ബിൽ നമ്പർ & തീയ്യതി | 22200352014201026922 തീയ്യതി.11.01.2023 ₹ 76,817/- |
| | 22200352014201190405 തീയ്യതി.15.02.2023 ₹ 6,608/- |
| | 22200352014201271115 തീയ്യതി.01.03.2023 ₹8,442/- |
| | 22200352014201332681 തീയ്യതി.13.03.2023 ₹6,535/- |
| ആകെ | ₹ 98,402/- |

പഞ്ചായത്ത് പരിധിയിൽ വരുന്ന രജിസ്റ്റർ ചെയ്ത ക്ഷയരോഗികൾക്ക് 6 മാസക്കാലം പോഷകാഹാരം നൽകുക വഴി അവരുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത മേൽ പ്രോജക്റ്റ് പ്രകാരം, ചികിത്സയിലുള്ള ക്ഷയരോഗ ബാധിതർക്ക് ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കിയതിന് മേൽ ബിൽ പ്രകാരം 98,402/- രൂപ സപ്ലൈകോ മാവേലി സ്റ്റോറിന് (കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, വലിയപറമ്പ ഡിപ്പോ) നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ ബിൽ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നമ്പർ | ബിൽ / ഇഷ്യൂ നമ്പർ & തീയ്യതി | ബിൽ പ്രകാരമുള്ള ഭക്ഷ്യ സാമഗ്രികളുടെ വില | ഭക്ഷ്യസാധനങ്ങൾ കുടുംബാരോഗ്യകേന്ദ്രം സ്റ്റോക്കിലെടുത്തതിന്റെ വിവരം |
|---|---|---|---|
| 1 | 1402121/22225 തീയ്യതി.05.01.2023 | 76,817.38 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 03 |
| 2 | 1402121/22253 തീയ്യതി.14.02.2023 | 6,607.96 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 04 |
| 3 | 1402121/22265 തീയ്യതി.28.02.2023 | 8,441.76 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 05 |
| 4 | 1402121/22270 തീയ്യതി.09.03.2023 | 6,534.80 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 06 |
| | ആകെ | 98,401.90 | |

ഭക്ഷ്യ സാധനങ്ങളുടെ ബിൽ, കുടുംബാരോഗ്യകേന്ദ്രം സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ എന്നിവ പ്രകാരം കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് സപ്ലൈകോ സാധനങ്ങൾ വിതരണം ചെയ്തിരിക്കുന്നത് 2023 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ മിക്ക ഗുണഭോക്താക്കൾക്കും അതിന് മുമ്പുള്ള കാലയളവിലാണ് ഭക്ഷ്യസാധനങ്ങൾ ഉൾപ്പെട്ട പോഷകാഹാര കിറ്റ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| രോഗിയുടെ പേരും വിലാസവും | വാർഡ് നമ്പർ | RNTCP രജിസ്റ്റർ പ്രകാരം ക്ഷയരോഗം സ്ഥിതീകരിച്ച തീയ്യതി | രോഗികൾ കിറ്റ് കൈപ്പറ്റിയ കാലയളവ് | കൈപ്പറ്റിയ കിറ്റിന്റെ എണ്ണം | കുടുംബാരോഗ്യകേന്ദ്രം സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തതിന്റെ വിവരം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സുലൈമാൻ, വടക്കേ വളപ്പിൽ ഹൗസ് പടന്നക്കടപ്പുറം | IX/259 | 10.11.2021 | 04/2022 | 01 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 32, 33 |
| ലീല W/o പത്മനാഭൻ മാടക്കാൽ | III/26 A | 04.03.2022 | 04/2022 05/2022 06/2022 07/2022 08/2022 | 05 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 34, 35 |
| ദിനേശൻ H/o സുജി പി വി കാനാ(H) പടന്നക്കടപ്പുറം | VIII | 22.04.2022 | 05/2022 06/2022 07/2022 08/2022 09/2022 10/2022 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 36, 37 |
| ബാലൻ കോടക്കാൽ ഹൗസ് മാവിലാക്കടപ്പുറം | I | 24.05.2022 | 05/2022 06/2022 07/2022 08/2022 09/2022 10/2022 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 38, 39 |
| സഫിയത്ത് ക്വാർട്ടേഴ്സ് നിയർ ജി എൽ പി സ്കൂൾ മാവിലാക്കടപ്പുറം | XII | 18.05.2022 | 05/2022 06/2022 07/2022 08/2022 09/2022 10/2022 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 40, 41 |
| പി. പി. ചന്ദ്രശേഖരൻ C/o സത്യൻ വെള്ളത്തപൊയ്യ മാവിലാക്കടപ്പുറം | ലഭ്യമല്ല | 30.06.2022 | 06/2022 07/2022 08/2022 09/2022 10/2022 11/2022 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 42, 43 |
| ഷാദുലി ഇ എം H/0 റഷീദ | ലഭ്യമല്ല | 09.08.2022 | 08/2022 09/2022 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 44, 45 |

| | | | | | |
|---|---|---|---|---|---|
| ഫാറൂസ് മൻസിൽ പന്ത്രണ്ടിൽ | | | 10/2022 11/2022 12/2022 01/2023 | | |
| ആര്യനന്ദ കെ വി D/o കുഞ്ഞികൃഷ്ണൻ ഇടയിലക്കാട് | II/92 | 16.09.2022 | 09/2022 10/2022 11/2022 12/2022 01/2023 02/2023 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 46, 47 |
| പ്രമോദ് വി വി H/o പ്രസീന ഇടയിലക്കാട് | II/103 | 30.09.2022 | 10/2022 11/2022 12/2022 01/2023 02/2023 03/2023 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 48, 49 |
| മെഹമ്മൂദ് ടി പി മൻസിൽ മാടക്കാൽ | ലഭ്യമല്ല | 07.10.2022 | 10/2022 11/2022 12/2022 01/2023 02/2023 03/2023 | 06 | സ്റ്റോക്ക് രജിസ്റ്റർ പേജ് നമ്പർ 50, 51 |

മാത്രമല്ല വിതരണം ചെയ്ത കിറ്റിൽ എത്ര തൂക്കം വീതമാണ് ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന വിവരവും ലഭ്യമല്ല. ആയതിനാൽ ബിൽ പ്രകാരമുള്ള മുഴവൻ ഭക്ഷ്യസാമഗ്രികളും ഗുണഭോക്താക്കളായ രോഗികൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന വിവരവും ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. സപ്ലൈകോ, ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കാത്ത കാലയളവിൽ പോലും രോഗികൾക്ക് കിറ്റ് വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തിയതിന്റെ കാരണം വ്യക്തമാക്കാനും, വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങളുടെ അളവ് തൂക്കത്തിന്റെ വിവരം ലഭ്യമാക്കുന്നതിനും ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി നമ്പർ-02/15.09.2023) രേഖകളുടേയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുകയായ 98,402/- രൂപ തടസ്സപ്പെടുത്തുന്നു.

1-15 ഖരമാലിന്യം നീക്കം ചെയ്യാൻ വാങ്ങിയ ഇലക്ട്രിക് ഓട്ടോറിക്ഷ ഉപയോഗിക്കുന്നില്ല.

ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 4.42 ലക്ഷം രൂപ വിനിയോഗിച്ച് ഒരു ഇലക്ട്രിക് ഗുഡ്സ് ഓട്ടോ റിക്ഷ ഗ്രാമ പഞ്ചായത്ത് വാങ്ങിയിരുന്നു. (KL60T 8023) പ്രസ്തുത ഓട്ടോ റിക്ഷ കഴിഞ്ഞ 10 മാസത്തോളമായി മാലിന്യ നീക്കത്തിന് ഉപയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 7/2/2022 മുതൽ 10/11/2022 വരെയുള്ള കാലയളവിൽ വളരെക്കുറച്ച് ദിവസങ്ങൾ മാത്രമാണ് വാഹനം ഉപയോഗിച്ചിട്ടുള്ളത്. 10/11/2022ന് ശേഷം നാളിതുവരെ വാഹനം മാലിന്യ നീക്കത്തിന് ഉപയോഗിച്ചിട്ടില്ല. കടലിന്റെ സമീപം സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തിന്റെ മുമ്പിൽ വേണ്ടത്ര സംരക്ഷണമില്ലാതെ കിടക്കുന്ന പ്രസ്തുത വാഹനം ഉപയോഗിക്കാതെയിരുന്നാൽ കേടുപാടുകൾ സംഭവിക്കാൻ സധ്യത വളരെക്കൂടുതലാണ്. ഇലക്ട്രിക് വാഹനമായതിനാൽ കേടുപാടുകൾ സംഭവിച്ചാൽ ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയായി മാറുവാനും ഇടയുണ്ട്. ആയതിനാൽ മാലിന്യ നീക്കം ലക്ഷ്യമിട്ട് വാങ്ങിയ വാഹനം നശിച്ച് പോകുവാനിടയാക്കാതെ പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കസ്റ്റോഡിയൻ ഓഫീസറായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയതി |
|---|---|---|
| 2022-23 | 12.09.2023 മുതൽ 13.09.2023 വരെ | ഖണ്ഡിക 1-1 ലും, അനുബന്ധം 1 ലും ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | സാന്ത്വന പരിചരണം (പ്രൊജ നം.9/23) | 1,00,000 | 1,00,000 | 0 |
| | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ബത്ത, യാത്രാ ബത്ത (പ്രൊജ നം.39/23) | 3,27,500 | 3,27,500 | |
| | | ഞങ്ങളും കൃഷിയിലേക്ക് കൈപ്പാട് കൃഷി (പ്രൊജ നം.50/23) | 32,000 | 32,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | നെൽ കൃഷിക്ക് കൂലി ചെലവ് (പ്രൊജ നം.51/23) | 42,500 | 42,500 | 0 |
| | | ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടികൾക്ക പോഷക തോട്ടം (പ്രൊജ നം.56/23) | 15,000 | 15,000 | 0 |
| | | ലൈഫ് ഭവന പദ്ധതി പട്ടികജാതി അഡീഷണൽ ലിസ്റ്റ് 2022-23 (പ്രൊജ നം.68/23) | 6,00,000 | 6,00,000 | 0 |
| | | വിശപ്പ് രഹിത കേരളം പദ്ധതി(പ്രൊജ നം.70/23) | 3,440 | 3,440 | |
| | | പാലിന് സബ്സിഡി (പ്രൊജ നം.71/23) | 1,00,000 | 1,00,000 | 0 |
| ആകെ തുക | | | 12,20,440 | 12,20,440 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | സാന്ത്വന പരിചരണം (പ്രൊജ നം.9/23) | 1,00,000 | 1,00,000 | 0 |
| | | ലൈഫ് ഭവന പദ്ധതി പട്ടികജാതി 2021-22 (പ്രൊജ നം.34/23) | 43,879 | 43,879 | 0 |
| | | ലൈഫ് ഭവന പദ്ധതി ജനറൽ (പ്രൊജ നം.36/23) | 20,299 | 20,299 | 0 |
| | | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ബത്ത, യാത്രാ ബത്ത (പ്രൊജ നം.39/23) | 1,20,000 | 1,20,000 | 0 |
| | | നെൽകൃഷിക്ക് കൂലി ചെലവ് (പ്രൊജ നം.51/23) | 35,650 | 35,650 | 0 |
| | | ഞങ്ങളും കൃഷിയിലേക്ക് അങ്കണവാടികൾക്ക പോഷക തോട്ടം (പ്രൊജ നം.56/23) | 30,000 | 30,000 | 0 |
| | | അഗതി ആശ്രയ ഭവന പുനരുദ്ധാരണം (പ്രൊജ നം.69/23) | 1,00,000 | 1,00,000 | 0 |
| | | പാലിന് സബ്സിഡി (പ്രൊജ നം.74/23) | 50,000 | 50,000 | 0 |
| ആകെ തുക | | | 4,99,828 | 4,99,828 | |

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പദ്ധതിയുടെ പേര് | വൗച്ചർനം/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്കിന് ലൈൻ വലിക്കൽ | വൗച്ചർ നം XVFC/22-23/P/23 തിയതി. 16.2.2023 | 15,37,756 | ഇല്ല | 15,37,756 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | ജിഒ(എം എസ്) 68/18 തിയ്യതി 18.05.2018,ജിഒ (എം എസ്) 100/18 തിയ്യതി 30.07.2018, ജി ഒ(എം എസ്) 110/18 തിയ്യതി 13.08.2018 | 1,19,72,413 | 94,20,413 | 11,71,511 | 0 | 82,48,902 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 49,641/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ, തിയ്യതി |
|---|---|---|---|---|
| 2006-07 | 3-3-1 | 500 | ഗോപാലകൃഷ്ണൻ.സി.എച്ച് | 1220100484 തീയതി 23.11.2022 |
| 2007-08 | 3-3-2 | 600 | ഗോപാലകൃഷ്ണൻ.സി.എച്ച് | 1220100484 തീയതി 23.11.2022 |
| 2017-18 | 1-11, 3-1 | 3,285 | ബർണാഡ്.എം.വി | 1220100269 തീയതി05.07.2022 |
| 2020-21 | 3-4 | 45,256 | അലുമിന ഇലക്ട്രോണിക്സ് | 1220000045 തീയതി 16.07.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 11 | 2005-06 | 2.95.2 | മുൻകൂർ നല്കി പ്രവൃത്തി പൂർത്തീകരിച്ചില്ല. | തൃക്കരിപ്പൂർ കടപ്പുറം-രാമന്തളി മരപ്പാലം നിർമ്മാണത്തിന്റെ പ്രായോഗികത സംബന്ധിച്ച എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ റിപ്പോർട്ട് ഒരു മാസത്തിനകം ഹാജരാക്കണമെന്നും, കൂടാതെ മുൻകൂർ ചെലവായ ഒരു ലക്ഷം രൂപയ്ക്കുള്ള വൗച്ചറുകളും വാല്യുവേഷൻ സർട്ടിഫിക്കറ്റും ഓഡിറ്റിനും ആയത് |

| | | | | | |
|---|---|---|---|---|---|
| | | | | | സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചിട്ടുണ്ട്. സമിതി നിർദ്ദേശിച്ച പ്രകാരം കാസറഗോഡ് LID&EW ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പ്രായോഗികതാ പരിശോധന റിപ്പോർട്ട്, വലിയപറമ്പ ഗ്രാമ പഞ്ചായത്ത് LID&EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ റിപ്പോർട്ട്, ഭരണ സമിതി തീരുമാനം എന്നിവ സഹിതം ലഭ്യമാക്കിയ മറുപടി പരിശോധിച്ച് , പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. (കെ.എസ്.എ/കെ.എസ്.ഡി.9/559/2022. തീയ്യതി: 19-08-2022.) (LFAC 2016-19-54 മത് റിപ്പോർട്ട് ഖ.15) |
| 2014-15 | 2-1 | 2016-17 | അധ്യായം.2 അനുബന്ധം4 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| 2015-16 | 2-5 | 2016-17 | അധ്യായം.2 അനുബന്ധം5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |
| ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായുള്ള വിഭിന്ന സാഹചര്യങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമപഞ്ചായത്തുകൾ അവലോകനം -2017-18 | - | 2017-18 | അധ്യായം6 പേജ് 441 & 442 | ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും ആയുള്ള വിഭിന്ന സാഹചര്യങ്ങളിൽ പരാധീനത നേരിടുന്ന ഗ്രാമ പഞ്ചായത്തുകൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹2,29,80,437 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹2,33,59,775 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹25,64,140 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| - | ഇല്ല. | ഇല്ല. | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | ₹ 15,37,756 | ശ്രീ. വിനോദ്കുമാർ എം.പി, സെക്രട്ടറി |
| 1-13 | ₹ 9,27,982 | ശ്രീ. വിനോദ്കുമാർ എം.പി, സെക്രട്ടറി |
| 1-14 | ₹ 98,402 | ഡോ. ധന്യ ദയാനന്ദൻ, മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| | ₹25,64,140 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല. | ഇല്ല. | ഇല്ല. |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1987-88 To 1990-91 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(1) തിയ്യതി 20.08.2022 | 1 |
| 1991-92 To 1995-96 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(2) തിയ്യതി 20.08.2022 | 1 |
| 1996-97 (Final) | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(1) തിയ്യതി 26.09.2022 | 3 |
| 1997-98 Plan | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(2) തിയ്യതി 20.08.2022 | 2 |
| 1998-99 Plan | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(3) തിയ്യതി 20.08.2022 | 4 |
| 1998-99 | നം.എൽ.എഫ്/കെ.എസ്.ഡി3/175/07 തിയ്യതി 17.08.07 | 4 |
| 1999-2000 Plan | കെ.എസ്.എ/കെ.എസ്.ഡി9/301/22(13) തിയ്യതി 13.04.2022 | 11 |
| 1999-2000 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(3) തിയ്യതി 20.09.2022 | 1 |
| 2000-01 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(5) തിയ്യതി 20.08.2022 | 1 |
| 2002-03 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(7) തിയ്യതി 20.08.2022 | 1 |
| 2003-04 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(4) തിയ്യതി 26.09.2022 | 2 |
| 2004-05 | നം.കെ.എസ്.എ/കെ.എസ്.ഡി10/145/22(9) തിയ്യതി 20.08.2022 | 10 |
| 2005-06 | നം.കെ.എസ്.എ/കെ.എസ്.ഡി10/854/22(5) തിയ്യതി 26.09.2022 | 6 |

| | | |
|---|---|---|
| 2006-07 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(3) തിയ്യതി 20.08.2022 | 1 |
| 2007-08 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(4) തിയ്യതി 20.08.2022 | 3 |
| 2008-09 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(5) തിയ്യതി 20.08.2022 | 3 |
| 2009-10 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(6) തിയ്യതി 20.08.2022 | 5 |
| 2010-11, 2011-12 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(7) തിയ്യതി 20.08.2022 | 7 |
| 2012-13, 2013-14 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(8) തിയ്യതി 20.08.2022 | 6 |
| 2014-15 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(9) തിയ്യതി 20.08.2022 | 5 |
| 2015-16 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(10) തിയ്യതി 20.08.2022 | 3 |
| 2016-17 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(11) തിയ്യതി 20.08.2022 | 4 |
| 2017-18 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(12) തിയ്യതി 20.08.2022 | 8 |
| 2018-19 | നം.കെ.എസ്.എ/കെ.എസ്.ഡി10/489/22(13) തിയ്യതി 20.08.2022 | 10 |
| 2019-20 | നം.കെ.എസ്.എ/കെ.എസ്.ഡി.6/416/2021 തിയ്യതി 29.06.2021 | 12 |
| 2020-21 | നം.കെ.എസ്.എ/കെ.എസ്.ഡി10/931/21 തിയ്യതി 22.01.2022 | 11 |
| 2021-22 | നം.കെ.എസ്.എ/കെ.എസ്.ഡി10/1083/22 തിയ്യതി 11.01.2023 | 13 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 1/2023 dated 22-06-2023 and submitted on 24-06-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Valiyaparamba Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Valiyaparamba Grama Panchayat for the year 2022-2023

Date: 08/11/2023

Deputy Director
District Office Kasaragod
Kerala State Audit Department

## Audit Report appended to the Audit Certificate of Valiyaparamba Grama Panchayat for the Year 2022-2023.

**1.Major Observations**

Valuation of Panchayat assets as per instructions vide G.O.(MS) 152/2011 dated 26.07.2011 has not been done. Asset register not kept up to date.

**2.Other Observations**

1)The details of the various amount recorded as Prior Period Expenses in Schedule I-18 are not made available.

2) There is no clarity on the liability amount in the balance sheet. On perusal of the documents available from the Panchayat, the information of Rs.3,20,576 received in various items in the previous years has not been properly accounted.

3) Amount as per ACR and as per Annual Financial Statement do not match in respect of Development Fund-General and MG-Road.

4) As per the balance sheet B-9 schedule, an amount of Rs. 36,605/- has been shown as repayable. Necessary steps should be taken to refund the amount.

5) Literacy fund-does not match with the balance in bank account.

Date:08/11/2023

Deputy Director
District Audit Office, Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ വലിയപറമ്പ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Valiyaparamba Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01 April 2022 to 31 March 2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 4899066.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 463320.00 |
| 130000000 | Rental income from Panchayat Properties | RP-3 | 3600.00 |
| 140000000 | Fees & User Charges | RP-4 | 217051.00 |
| 150000000 | Sale & Hire Charges | RP-5 | 46703.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 6831520.00 |
| 171000000 | Interest Earned | RP-9 | 50470.00 |
| 190000000 | Prior Period Income | RP-11 | 0.0 |
| 230000000 | Operations & Maintenance | RP-14 | 133601.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 4985.00 |
| 311000000 | Earmarked Funds | RP-28 | 14874.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 13617972.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 1269331.00 |
| 460000000 | Loans, Advances and Deposits | RP-49 | 90422.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 250.00 |
| 340000000 | Deposits Received | RP-33 | 35260.00 |
| 350000000 | Other Liabilities | RP-35 | 201078.00 |
| | Grand total | | 27879503.00 |
| | PAYMENTS | | |
| | Operating | | |
| 431000000 | Sundry Debtors (Receivables) | RP-45 | 713879.00 |
| 460000000 | Loans, Advances and Deposits | RP-49 | 450867.00 |
| | Non Operating | | |
| 340000000 | Deposits Received | RP-33 | 67678.00 |
| 350000000 | Other Liabilities | RP-35 | 22127351.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 4519728.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 27879503.00 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Valiyaparamba Grama Panchayat<br>INCOME & EXPENDITURE STATEMENT<br>For the period from 01 April 2022 to 31 March 2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1629360.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 3600.00 |
| 140000000 | Fee & User Charges | I-4 | 245651.00 |
| 150000000 | Sale & Hire Charges | I-5 | 51873.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 112953463.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 50470.00 |
| 180000000 | Other Income | I-9 | 16889.00 |
| 190000000 | Prior Period Income | I-19 | -291067.00 |
| | Total Income | | 114951306.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 9320798.00 |
| 220000000 | Administrative Expenses | I-11 | 388113.00 |
| 230000000 | Operations & Maintenance | I-12 | 383896.00 |
| 240000000 | Interest & Finance Charges | I-13 | 711.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5663708.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 21721243.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 965461.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 51351963.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 22102720.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 2069529.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 0.0 |
| | Total Expenditure | | 113968142.00 |
| | Gross Surplus / Deficit of income over Expenditure | | 983164.00 |
| | Gross Surplus / Deficit of income over Expenditure | | 1224794.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 49437.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | -241630.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

| Valiyaparamba Grama Panchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31.03.2023 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -426194.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 12212.00 |
| 312000000 | Reserves | B-3 | 44948182.00 |
| | Total Reserve & Surplus | | 44534200.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6131865.00 |
| | Total Grants, Contributions for Specific Purposes | | 6131865.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 8248902.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 8248902.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 645387.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1045811.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 1691198.00 |
| | TOTAL LIABILITIES | | 60606165.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 649303.00 |
| 412000000 | Capital Work in Progress | B-11(b) | 812478.00 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 161684.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 6209343.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 67880745.00 |
| 416000000 | Accumulated Depreciation | B-11(a) | -32715423.00 |
| | Total Fixed Assets | | 42998130.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 713879.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 8248902.00 |
| 450000000 | Cash and Bank Balance | B-17 | 4519728.00 |
| 460000000 | Loans, Advances and Deposits | B-18 | 4125526.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 17608035.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure<br>(To the Extent not written off) | | 0.0 |
| | TOTAL ASSETS | | 60606165.00 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.